വ്യാപാരകേരളം

വ്യാപാര-വ്യവസായ കേരളത്തിന്റെ ഓൺലൈൻ മുഖമാസിക

ലക്കം 4 പേജുകൾ 21 ജൂലൈ 2019

പരസ്യവിപണി എങ്ങോട്ട്?

എൻബിഎഫ്സികൾ; ഒരു പുനർവായന

സ്പെഷൽ ഫീച്ചർ

യൂണിയൻ ബജറ്റ്; സാധ്യതകൾ

മുഖച്ചിത്രം: തേജസ്സ് എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ

രണ്ടാം മോദി സർക്കാരിന്റെ ആദ്യബജറ്റവതരണം 2019 ജൂലൈ 5ന് നടക്കും. ബജറ്റുമായി ബന്ധപ്പെട്ട ഒരു പഠനലേഖനം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. **'നിർമ്മല കുറുക്കിയ ഹൽവ'** എന്ന ലേഖനം തയാറാക്കിയിട്ടുള്ളത് പ്രശസ്ത പത്രപ്രവർത്തകൻ ഫ്രാങ്കോ ലൂയിസ് ആണ്.

പരസ്യവിപണിയുമായി ബന്ധപ്പെട്ട അവലോകനങ്ങൾക്ക്, വ്യാപാരകേരളത്തിന്റെ പുതിയലക്കം ഊന്നൽ കൊടുക്കുന്നു. ഒറ്റചോദ്യം പംക്തിയിലും 'ആഡ് സഭ 2019' അവലോകന ലേഖനത്തിലും സമകാലിക പരസ്യവിപണിയുടെ അവശതകളും സാധ്യതകളും വിശകലനം ചെയ്യുന്നുണ്ട്.

കഴിഞ്ഞ നാലഞ്ചുവർഷം തുടർച്ചയായി വളർച്ചാനിരക്കിൽ കുറവ് സൂചിപ്പിക്കുന്ന പരസ്യമേഖലയുടെ തളർച്ച, കേരളത്തിന്റേതു മാത്രമാകുന്നുവോ എന്ന വിശകലനം, കെത്രിഎ തൃശൂർ ഘടകം സംഘടിപ്പിച്ച 'ആഡ് സഭ'യിൽ ഉന്നയിക്കപ്പെട്ടിരുന്നു.

പരസ്യവിപണി 70000 കോടി രൂപയുടെ ക്രയവിക്രയമാണ് 2019ൽ പ്രതീക്ഷിക്കുന്നത്. ഇന്ത്യയിലെ മൊത്തം പരസ്യവിപണിയെ സംബന്ധിച്ച കണക്കാണിത്. പോയവർഷം ഏകദേശം 60000 കോടി രൂപയുടെ വിപണനമാണ് ഈ മേഖലയിൽ സംഭവിച്ചത്. പതിനായിരം കോടിയുടെ പ്രതീക്ഷിക്കുന്ന വളർച്ച, ഈ മേഖലയുടെ ഉണർവിനെ തന്നെയാണ് പ്രതിഫലിപ്പിക്കുന്നത്.

ദേശീയ തലത്തിലെ ഈ കണക്കുകളും പ്രവചനങ്ങളും പക്ഷേ, സമകാലിക സാധ്യതകൾ വിലയിരുത്തുമ്പോൾ കേരളത്തിന് ബാലികേറാമലയാകും. കേരളം ഒഴികെയുള്ള സംസ്ഥാനങ്ങൾ, പോയവർഷവും പരസ്യമേഖലക്ക് കരുത്തു പകർന്നെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇവിടെ പക്ഷേ, മുൻവർഷങ്ങളിൽ തുടർച്ചയായ മൈനസ് രേഖപ്പെടുത്തികൊണ്ടിരിക്കുന്നു. ഇതിന്റെ കാരണങ്ങളും 'ആഡ് സഭ' അവലോകന ലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മലയാള മനോരമയിലെ ശ്രീ. വർഗീസ് ചാണ്ടി, മാതൃഭൂമിയിലെ ശ്രീ. കമൽകൃഷ്ണൻ, ഏഷ്യാനെറ്റിലെ ശ്രീ. രഘുരാമചന്ദ്രൻ എന്നിവരുടെ വിശകലനങ്ങളാണ് 'ആഡ് സഭ 2019'-ൽ ചേർത്തിട്ടുള്ളത്.

നിലവിലെ രാഷ്ട്രീയ-സാമ്പത്തിക സാഹചര്യങ്ങൾ പരസ്യവിപണിയിൽ എങ്ങനെ പ്രതിഫലിക്കും? എന്ന ഒറ്റ ചോദ്യത്തിന്, ഈ ലക്കത്തിൽ രണ്ട് പേരുടെ മറുപടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മാധ്യമങ്ങളെ പ്രതിനിധീകരിച്ച് ദീപികയുടെ ജനറൽ മാനേജർ (മാർക്കറ്റിംഗ്) ശ്രീ. കെ.സി.തോമസും പരസ്യ ഏജൻസികളെ പ്രതിനിധീകരിച്ച്, കെത്രിഎ സംസ്ഥാന പ്രസിഡന്റ് ശ്രീ. ജെയിംസ് വളപ്പിലയും ഉത്തരങ്ങൾ നൽകുന്നു.

വടക്ക് ശക്തമായി വീശുന്ന രാഷ്ട്രീയകാറ്റ്, പാലക്കാടൻ ചുരം കടന്ന് കേരളത്തിലെത്തുമ്പോൾ, ചലനം നഷ്ടപ്പെടുന്നത് മുമ്പും നാം കണ്ടുവരുന്നതാണല്ലോ. പരസ്യവിപണിയും ഇതേ പാതയിൽ തന്നെയോ എന്ന വിലയിരുത്തൽ, കേരളത്തിലെ വിപണി മാന്ദ്യ വിശകലനത്തിന് അനുയോജ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

-സി.ആർ.രാജൻ,
മാഗസിൻ എഡിറ്റർ

ഓഫീസ്:
വ്യാപാരകേരളം.കോം
(ഓൺലൈൻ ബിസിനസ് മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
സി.ആർ.രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്

ജൂൺ 21 ന് മന്ത്രാലയത്തിൽ നിർമല സീതാരാമൻ മുറിച്ചു വിതരണം ചെയ്ത അലുവക്കഷണങ്ങളുടെ മാധുര്യം ഒട്ടും കുറയാതെത്തന്നെ നുണയാമെന്ന പ്രതീക്ഷയിലാണ് ഇന്ത്യയിലെ 136 കോടി ജനങ്ങൾ. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ വറചട്ടിയിൽ മധുരമേറെയിട്ടു കുറുക്കിയെടുത്ത അലുവപോലുള്ള ബജറ്റ് ജൂലൈ അഞ്ചിന് പാർലമെന്റിൽ അവതരിപ്പിക്കും.

നിർമല കുറുക്കിയ ഹൽവ

ഫ്രാങ്കോ ലൂയിസ്

കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമൻ മന്ത്രാലയ മന്ദിരത്തിൽ അടുപ്പുകൂട്ടി അലുവയുണ്ടാക്കി. ധനമന്ത്രാലയത്തിലെ എല്ലാവരും അലുവക്കഷണത്തിന്റെ മധുരം നുണഞ്ഞു.

ധനകാര്യ സഹമന്ത്രി അനുരാഗ് ഠാക്കൂറും നിർമലയെ സഹായിക്കാൻ ഉണ്ടായിരുന്നു. ജൂൺ 21 ന് മന്ത്രാലയത്തിൽ നിർമല സീതാരാമൻ മുറിച്ചു വിതരണം ചെയ്ത അലുവക്കഷണങ്ങളുടെ മാധുര്യം ഒട്ടും കുറയാതെത്തന്നെ നുണയാമെന്ന പ്രതീക്ഷയിലാണ് ഇന്ത്യയിലെ 136 കോടി ജനങ്ങൾ. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ വറചട്ടിയിൽ മധുരമേറെയിട്ടു കുറുക്കിയെടുത്ത അലുവപോലുള്ള ബജറ്റ് ജൂലൈ അഞ്ചിന് പാർലമെന്റിൽ അവതരിപ്പിക്കും. മധുര സ്വപ്നങ്ങളിൽ ചാലിച്ച ബജറ്റ് രേഖകളുടെ അച്ചടി ആരംഭിക്കുന്നതിനു മുന്നോടിയായി മന്ത്രാലയത്തിൽ ഹൽവ തയാറാക്കുന്ന ചടങ്ങുണ്ട്. മന്ത്രാലയത്തിലെ ജീവനക്കാർ രേഖകളെല്ലാം സജ്ജമാക്കി അച്ചടിക്കു വിടുന്നതിന്റെ സന്തോഷം. അതായിരുന്നു നോർത്ത് ബ്ലോക്കിലെ ആ അലുവ മുറിക്കൽ ചടങ്ങ്. ധനകാര്യ സെക്രട്ടറി സുഭാഷ് ചന്ദ്ര ഗർഗ്, റവന്യൂ സെക്രട്ടറി അജയ് ഭൂഷൺ പാണ്ഡേയും അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ ആ ചടങ്ങിനുണ്ടായിരുന്നു.

ബജറ്റ് തയാറാക്കലുമായി നേരിട്ടു ബന്ധപ്പെടുന്ന ഉയർന്ന ഉദ്യോഗസ്ഥർ മുതൽ കീഴുദ്യോഗസ്ഥർവരെയുള്ളവർക്ക് അന്നു മുതൽ ബജറ്റ് അവതരിപ്പിക്കുന്ന ദിവസംവരെ പുറംലോകവുമായി ഒരു ബന്ധവും അനുവദനീയമല്ല. മന്ത്രാലയത്തിൽ തന്നെയാണ് അവർ താമസിക്കുക. വീട്ടുകാരുമായി ഫോണിൽ സംസാരിക്കാനോ ഇമെയിലിലൂടെ ബന്ധപ്പെടാനോപോലും നിയന്ത്രണമുണ്ട്.

നയപ്രഖ്യാപനം

വീണ്ടും അധികാരത്തിലെത്തിയ നരേന്ദ്രമോദി സർക്കാരിനെ വളരെ പ്രതീക്ഷയോടെയാണു ജനങ്ങൾ നോക്കിക്കാണുന്നത്. പാർലമെന്റിന്റെ ഇരു സഭകളുടേയും സമ്മേളനത്തിനു തുടക്കം കുറിച്ചുകൊണ്ട് രാഷ്ട്രപതി രാംനാഥ് കോവിന്ദ് നടത്തിയ പ്രസംഗത്തിൽതന്നെ ചില സൂചനകളുണ്ട്. രാഷ്ട്രപതിയോ രാഷ്ട്രപതി ഭവനിലെ ഉദ്യോഗസ്ഥരോ എഴുതിത്തയാറാക്കിയ പ്രസംഗമല്ല അത്. പ്രധാനമന്ത്രി നരേന്ദ്രമോദിയും ബിജെപി അധ്യക്ഷനും ആഭ്യന്തരമന്ത്രിയുമായ അമിത്ഷായും പ്രതിരോധമന്ത്രി രാജ്നാഥ് സിംഗും ധനമന്ത്രി നിർമല സീതാരാമനും കൂടിയാലോചിച്ചു തയാറാക്കിയ പ്രസംഗമാണ് രാഷ്ട്രപതി വായിച്ചത്.

രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സുപ്രധാനമായ വാഗ്ദാനങ്ങളുണ്ട്. ബിജെപി തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങളുമുണ്ട്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങളെല്ലാം നടപ്പാക്കാനുള്ളതല്ലെ

ന്ന് പല ബിജെപി നേതാക്കളും പറഞ്ഞിട്ടുണ്ടെന്നും നടപ്പാക്കിയിട്ടില്ലെന്നുമുള്ള ആരോപണങ്ങളുടെ നിജസ്ഥിതി ഇവിടെ പരിശോധിക്കുന്നില്ല. എന്നാൽ ആ വാഗ്ദാനങ്ങളിൽ ചിലതെങ്കിലും നിർമല സീതാരാമൻ കുറുക്കിക്കാച്ചിയെടുക്കുന്ന ബജറ്റിൽ ഉണ്ടാകും.

രാഷ്ട്രപതി പാർലമെന്റിൽ നടത്തിയ പ്രസംഗിത്തിലെ ഏറ്റവും പ്രധാന കാര്യം കാർഷിക. ചെറുകിട വ്യാപാര മേഖലകൾക്കു പ്രാധാന്യവും സംരക്ഷണവും നൽകുമെന്നതാണ്. ബിജെപി നേതൃത്വം നൽകുന്ന എൻഡിഎയുടെ പ്രകടന പത്രികയിലും ഈ വാഗ്ദാനമുണ്ട്.

പ്രധാന നിർദേശങ്ങൾ:

- അടുത്ത വർഷങ്ങളിലായി കാർഷിക മേഖലയിൽ 25 ലക്ഷം കോടി രൂപയുടെ നിക്ഷേപം.
- ചെറുകിട കച്ചവടക്കാർക്ക് ഇൻഷുറൻസ്, പെൻഷൻ പദ്ധതി.
- ചെറുകിട വ്യവസായങ്ങൾക്കായി ഈടില്ലാതെ വായ്പ.
- പുതിയ വ്യവസായ നയം.
- ജിഎസ്ടി ലളിതമാക്കും.
- അഴിമതിക്കെതിരെ കടുത്ത നടപടി.
- ജവാന്മാരുടെ മക്കൾക്ക് സ്കോളർഷിപ്പ്.
- ബേഠി ബച്ചാവോ ബേഠീ പഠാവോ വ്യാപിപ്പിക്കും.
- 112 ആസ്പിരേഷണൽ ജില്ലകൾ വികസിപ്പിക്കും.
- മുത്തലാഖും നിക്കാഹ് ഹലാലയും നിരോധിക്കും.
- സ്പോർട്സ് പരിശീലനത്തിന് ജില്ലാതലം മുതൽ ഖേലോ ഇന്ത്യ പദ്ധതി.
- 2024 ആകുമ്പോഴേക്കും ഉന്നത വിദ്യാഭ്യാസ മേഖലയിൽ 50 ശതമാനം സീറ്റു വർധിപ്പിക്കും.
- സാമ്പത്തിക വളർച്ചയ്ക്കു കൂടുതൽ പരിഷ്കാരങ്ങൾ. കാർഷിക മേഖലയ്ക്കു കൂടുതൽ തുക. എല്ലാവരേയും ഉൾക്കൊള്ളുന്ന സുരക്ഷിതവും ശക്തവുമായ ഇന്ത്യയാണ് ലക്ഷ്യം.

ഇതിനെല്ലാം പുറമേ, ആദായ നികുതി ഒഴിവു പരിധി നിലവിലുള്ള രണ്ടര ലക്ഷം രൂപയിൽനിന്ന് മൂന്നു ലക്ഷം രൂപയിലേക്കെങ്കിലും വർധിപ്പിക്കുമെന്ന പ്രതീക്ഷയിലാണ് എല്ലാവരും. കഴിഞ്ഞ രണ്ടു ബജറ്റുവേളകളിലും ഒഴിവുപരിധി ഉയർത്തുമെന്നു ധനകാര്യ വിദഗ്ധർ കരുതിയിരുന്നെങ്കിലും അതുണ്ടായില്ല.

ഇടക്കാല ബജറ്റ്

ഒന്നാം മോദി സർക്കാരിന്റെ അവസാന ബജറ്റ് ഫെബ്രുവരി രണ്ടിന് ഇടക്കാല ബജറ്റായാണ് അവതരിപ്പിച്ചത്. പൊതു തെരഞ്ഞെടുപ്പിനെ നേരിടാൻ കർഷകർക്ക് ആറായിരം രൂപ സമ്മാനിച്ച പ്രധാൻമന്ത്രി കിസാൻ സമ്മാൻ പദ്ധതിയും 60 കഴിഞ്ഞ തൊഴിലാളികൾക്ക് മൂവായിരം രൂപ പെൻഷൻ നൽകുന്ന പ്രധാൻമന്ത്രി ശ്രംയോഗി മന്ഥൻ എന്നിവ പ്രഖ്യാപിച്ചു നടപ്പാക്കി. തൊഴിലാളി പെൻഷൻ പദ്ധതിക്ക് ഓരോരുത്തരും വിഹിതം അടയ്ക്കണം.

ആദായ നികുതിയുമായി ബന്ധപ്പെട്ട സുപ്രധാന നിർദേശം ഇടക്കാല ബജറ്റിലുണ്ടായിരുന്നു. ഒഴിവുപരിധി രണ്ടര ലക്ഷം രൂപതന്നെ. എന്നാൽ അഞ്ചു ലക്ഷം രൂപവരെയുള്ള തുകയ്ക്കു റിബേറ്റ് ആനുകൂല്യം ലഭിക്കുമെന്നായിരുന്നു സുപ്രധാന നിർദേശം. വരുമാനം അഞ്ചു ലക്ഷത്തിനു മുകളിലാണെങ്കിൽ റിബേറ്റ് ഇല്ല, രണ്ടര ലക്ഷം രൂപ മുതലുള്ള തുകയ്ക്കു നികുതി നൽകണം. നാൽപതിനായിരം രൂപവരെയുള്ള ബാങ്ക്, പോസ്റ്റോഫീസ് നിക്ഷേപങ്ങൾക്കും 2.4 ലക്ഷം രൂപവരെയുള്ള വാടകയ്ക്കും ടിഡിഎസ് ഒഴിവാക്കി.

ഇഎസ്ഐ പരിധി 21,000 രൂപവരെയാക്കി. ഗ്രാറ്റുവിറ്റി പരിധി പത്തു ലക്ഷത്തിൽനിന്ന് മുപ്പതു ലക്ഷമാക്കി.

എട്ടു കോടി സൗജന്യ എൽപിജി കണക്ഷൻ. ആശാവർക്കർമാരുടെ വേതനം 50 ശതമാനം വർധിപ്പിക്കും. പ്രതിരോധ മേഖലയ്ക്ക് മൂന്നു ലക്ഷം കോടി. സൈനികരുടെ ശമ്പളം പരിഷ്കരിക്കും. എന്നിവയായിരുന്നു പ്രധാന നിർദേശങ്ങൾ.

ധനമന്ത്രി അരുൺ ജയ്റ്റ്ലി രോഗബാധിതനായി ചികിൽസയിലായിരുന്നു. ധനമന്ത്രിയുടെ ചുമതല വഹിച്ചിരുന്ന പിയൂഷ് ഗോയലാണ് ബജറ്റ് അവതരിപ്പിച്ചത്. 27 ലക്ഷം കോടി രൂപ വരവും 34 ലക്ഷം കോടി രൂപ ചെലവും പ്രതീക്ഷിക്കുന്നതായിരുന്നു ഇടക്കാല ബജറ്റ്.

വിപുലമായ ഒരുക്കം

പുതിയ ബജറ്റ് തയാറാക്കാൻ സാമ്പത്തിക വിദഗ്ധർ, മുഖ്യമന്ത്രിമാർ, വ്യവസായ പ്രമുഖർ തുടങ്ങിയവരുമായി കൂടിയാലോചനകൾ നടത്തിയിരുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി ആസൂത്രണ കമ്മീഷനു പകരം ആരംഭിച്ച നീതി ആയോഗ് സമ്മേളനത്തിൽ മുഖ്യമന്ത്രിമാരും കേന്ദ്രമന്ത്രിമാരും പങ്കെടുത്ത് നിർദേശങ്ങൾ സമർപ്പിച്ചെന്നാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്.

ബജറ്റിലേക്ക് ആർക്കും നിർദേശങ്ങൾ സമർപ്പിക്കാമെന്ന് കേന്ദ്ര സർക്കാർ നിർദേശിച്ചിരുന്നു. ഇതിനായി കേന്ദ്ര സർക്കാർ 'മൈഗവ്' വെബ്സൈറ്റ് ജൂൺ 20 വരെ തുറന്നിട്ടിരുന്നു. 18,325 പേരാണ് ഓൺലൈനിലൂടെ നിർദേശങ്ങൾ സമർപ്പിച്ചത്. ഈ നിർദേശങ്ങൾ അധികാരികൾ തുറന്നുനോക്കിയിട്ടുണ്ടോയെന്നതു വേറെ കാര്യം. ജനങ്ങളുടെ അഭിപ്രായങ്ങൾ ക്ഷണിച്ചതുതന്നെ നല്ലൊരു തുടക്കമാണ്.

ഒറ്റനോട്ടത്തിൽ

	2017-18	2018-19	2018-19 (റിവൈസ്ഡ്)	2019-20
നികുതി വരുമാനം	19,19,009	22,71,242	22,48,175	25,52,131
മൊത്തം വരുമാനം	21,37,882	23,99,147	24,16,034	27,32,903
ചെലവ്				
റെയിൽവേ	58,568	93,440	85,798	94,071
കാപിറ്റൽ	8,73,826	7,78,712	9,61,018	9,53,733
മൊത്തം	21,41,975	24,42,213	24,57,235	27,84,200

(രൂപ കോടിയിൽ)

പാലയൂർ മാർതോമ അതിരൂപത തീർത്ഥകേന്ദ്രത്തിൽ

മാർ തോമാശ്ലീഹായുടെ

ദുക്റാന-തർപ്പണ തിരുന്നാൾ

ഭാരത ക്രൈസ്തവ വിശ്വാസത്തിന്റെ തറവാട്

2019 ജൂലൈ 3 ബുധൻ – ദുക്റാന ഊട്ട് തിരുനാൾ

13, 14 ശനി, ഞായർ – തർപ്പണതിരുനാൾ

- * ജൂലൈ 3 ബുധൻ – മാർ തോമ മക്കൾ സംഗമം
- * ജൂലൈ 6 ശനി – അരങ്ങേറ്റ മഹോത്സവം
- * ജൂലൈ 7 ഞായർ – മാർ തോമ കാരുണ്യസ്പർശം – 2019 (തൃശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലെയും രോഗിയായ ഒരാൾക്ക് 2000 രൂപ)
- * ജൂലൈ 9 ചൊവ്വ – ആകാശപറവകളുടെ സംഗമം

ജൂലൈ 3 ബുധൻ

ദുക്റാന ഊട്ട്

രാവിലെ 9.30 മുതൽ

- തോമാശ്ലീഹ വന്നിറങ്ങിയ ബോട്ടുകുളം
- തോമാശ്ലീഹ അത്ഭുതം പ്രവർത്തിച്ച തളിയക്കുളം
- തോമാശ്ലീഹായുടെ കൽക്കുരിശ്
- വിശ്വാസകവാടവും ദണ്ഡവിമോചനവും
- ഭാരത ക്രൈസ്തവ ചരിത്ര മ്യൂസിയം
- വചന മണ്ഡപം

പാലസ്തീനായിൽനിന്ന് പാലയൂരിലേക്ക് വന്ന് ക്രൈസ്തവ വിശ്വാസത്തിന് തുടക്കം കുറിച്ച മാർ തോമാശ്ലീഹായുടെ ദുക്റാന-തർപ്പണ തിരുനാളിൽ പങ്കെടുത്ത് വിശ്വാസം ഉജ്ജ്വലിപ്പിക്കാനും ദൈവാനുഗ്രഹം പ്രാപിക്കാനും നിങ്ങളെ എല്ലാവരെയും പ്രത്യേകം ക്ഷണിക്കുന്നു.

റവ. ഫാ. വർഗീസ് കരിപ്പേരി	ഫാ. സിന്റോ പൊന്തേക്കൻ	ജസ്റ്റിൻ ബാബു സി.എം.
(റെക്ടർ, വികാരി)	(സഹ. വികാരി)	(ജന. കൺവീനർ)

? ഒറ്റ ചോദ്യം

ഒറ്റ ചോദ്യത്തിന് ഈ ലക്കത്തിൽ രണ്ട് പേരുടെ മറുപടികളാണ് ചേർത്തിട്ടുള്ളത്. മാധ്യമങ്ങളെ പ്രതിനിധീകരിച്ച് ശ്രീ. കെ.സി.തോമസും പരസ്യ ഏജൻസികളെ പ്രതിനിധീകരിച്ച് ശ്രീ. ജെയിംസ് വളപ്പിലയും സാഹചര്യം വിശദീകരിക്കുന്നു. രാഷ്ട്രദീപിക ഗ്രൂപ്പ് പ്രസിഡധീകരണങ്ങളുടെ ജനറൽ മാനേജരും (മാർക്കറ്റിംഗ്) സ്പേസ് മാർക്കറ്റിംഗ് വിദഗ്ധനുമാണ് ശ്രീ. കെ.സി.തോമസ്. കേരളത്തിലെ പരസ്യ ഏജൻസികളിൽ ഒന്നാം സ്ഥാനത്തുള്ള വളപ്പില കമ്യൂണിക്കേഷൻസിന്റെ മാനേജിംഗ് ഡയറക്ടറും കെത്രിഎ സംസ്ഥാന പ്രസിഡന്റുമാണ് ശ്രീ. ജെയിംസ് വളപ്പില.

ചോദ്യം: നിലവിലെ രാഷ്ട്രീയ-സാമ്പത്തിക സാഹചര്യങ്ങൾ പരസ്യവിപണിയിൽ എങ്ങനെ പ്രതിഫലിക്കും?

വിപണന തന്ത്രങ്ങളിൽ പരിവർത്തനങ്ങൾ അനിവാര്യം

മനുഷ്യൻ ഗുഹകളിൽ ജീവിച്ചിരുന്ന കാലം മുതൽ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചിരുന്നു എന്ന് ചരിത്രം പറയുന്നു. തനിക്ക് മിച്ചമുള്ള സാധനങ്ങൾ കൊടുത്ത് ആവശ്യമുള്ള സാധനങ്ങൾ പകരമായി വാങ്ങുമായിരുന്നു. ഈ ബാർട്ടർ സംവിധാനത്തിനും തന്ത്രങ്ങൾ ആവശ്യമായിരുന്നു. ആകർഷകമായ രീതികളിൽ വസ്തുക്കൾ പ്രദർശിപ്പിച്ച് സാധനങ്ങൾ കൈമാറ്റം ചെയ്യുന്ന മാർഗങ്ങൾ അന്നു മുതൽ ഉണ്ടായിരുന്നു.

ഇന്ന് മനുഷ്യൻ ആധുനിക തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു. പത്രങ്ങളിലും ചാനലുകളിലും സോഷ്യൽ മീഡിയകളിലും വഴി വക്കുകളിലും നോക്കുന്നിടത്തെല്ലാം പരസ്യങ്ങൾ കാണാം. ഒറ്റ നോട്ടത്തിൽ എന്നും ഓർത്തിരിക്കുന്ന പരസ്യങ്ങൾ പ്രോഡക്ടിന്റെ വില്പനയിൽ വിപ്ലവങ്ങൾ സൃഷ്ടിക്കുന്നു.

വിപണന തന്ത്രങ്ങൾ മാറി പരീക്ഷിക്കുന്നവർ വിജയിക്കുന്നതായി കാണുന്നു.

മോദി സർക്കാർ വൻ ഭൂരിപക്ഷത്തോടെ വിജയിച്ചതോടെ ആശങ്കകൾക്കിടയിലും ഒരോ ഇന്ത്യാക്കാരനും പ്രതീക്ഷയിലാണ്.

വൻ വികസനം വരുമെന്നും തൊഴിൽ സാധ്യതകൾ ഉയരുമെന്നാണ് പ്രതീക്ഷ. സ്ഥിരതയും ഭൂരിപക്ഷമുള്ള സർക്കാരിനു മാത്രമേ വികസനം കൊണ്ടുവരാൻ സാധിക്കൂ. സാമ്പത്തിക മാന്ദ്യം മാറി വരുമെന്നാണ് പ്രതീക്ഷ. ഓഹരി വിപണി ഉയർന്നു കഴിഞ്ഞു.

ഏതു സാമ്പത്തിക മാന്ദ്യത്തെയും മറികടക്കാൻ പരസ്യമേഖല തയ്യാറായി കഴിഞ്ഞു. പരസ്യമേഖലയിൽ പരിവർത്തനങ്ങൾക്ക് തയ്യാറാകുന്നവർ വിജയിക്കും.

എന്തിനാണ് മമ്മൂട്ടിയുടെ പുതിയ സിനിമയ്ക്ക് ഉണ്ട എന്ന് പേരിട്ടിരിക്കുന്നത്. ഈ പേരു കൊണ്ട് തന്നെ സിനിമ ചർച്ചാവിഷയമായി കഴിഞ്ഞു. പബ്ളിസിറ്റി ആവശ്യമുള്ളവർ പുതിയ പുതിയ മാർഗങ്ങൾ കണ്ടെത്തണം. ഇന്നും കേരളത്തിൽ പത്രപരസ്യങ്ങൾക്ക് റീച്ച് വളരെ കൂടുതലാണ്. ചിലവും കൂടുതലാണ്. എന്നാൽ ചാനൽ പരസ്യങ്ങളുടെ താരിഫും വലുതാണല്ലോ.

കെ.സി.തോമസ്
ജനറൽ മാനേജർ
(മാർക്കറ്റിംഗ്)
രാഷ്ട്രദീപിക ലിമിറ്റഡ്

പരസ്യ ബഡ്ജറ്റ് കൂടുതലുണ്ടെങ്കിൽ പത്ര പരസ്യവും ചാനൽ പരസ്യവും ഇന്നും പ്രോഡക്ടുകളുടെ വില്പനയ്ക്ക് കേരളത്തിൽ വലിയ സാദ്ധ്യതകളുള്ള മാർഗങ്ങളാണ്. സോഷ്യൽ മീഡിയാ വഴിയുള്ള പരസ്യങ്ങൾക്ക് ചിലവ് കുറവാണ്.

റിസർവ് ബാങ്ക് റിപ്പോ നിരക്ക് കുറച്ചത് വിപണിയിൽ ചലനങ്ങളുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. കൂടുതൽ പണം വിപണിയിലെത്തുന്നതോടുകൂടി വിൽക്കൽ വാങ്ങൽ ഉച്ചസ്ഥായിയിലെത്തും.

പരസ്യങ്ങളാണ് വിപണിയെ നിയന്ത്രിക്കുന്നത് എന്നത് വസ്തുതയാണ്. പരസ്യങ്ങൾക്കു വേണ്ടി തുക കൂട്ടിയതുകൊണ്ട് മാത്രം വില്പന വർധിക്കണമെന്നില്ല. എങ്ങനെ പരസ്യങ്ങൾ ചെയ്യുന്നു എന്നതാണ് പ്രധാനം. പുതിയ പുതിയ പരസ്യമാർഗങ്ങൾ ഇന്ന് വിപണിയെ നിയന്ത്രിക്കുന്നു. വലിയ സാദ്ധ്യതകളാണ് നമുക്ക് മുൻപിൽ തുറന്ന കിടക്കുന്നത്.

ഈ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നവർക്ക് ബിസിനസ്സിൽ വിജയം ഉറപ്പാക്കാം.

പരസ്യവിപണിയുടെ വളർച്ച, മാറ്റങ്ങൾ ഉൾക്കൊണ്ട് വേണം

ജെയിംസ് വളപ്പില
കെത്രിഎ
സംസ്ഥാന പ്രസിഡന്റ്

കൺസ്യൂമർ രംഗത്ത് ഏറ്റവും കൂടുതൽ ഉയർന്ന് നിൽക്കുന്ന സംസ്ഥാനമാണ് നമ്മുടെ കേരളം. ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിലെ പരസ്യരംഗം കുറച്ചധികം പുറകോട്ടു പോയി എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന ഒരു സത്യമാണ്. ശാന്തമായി മുൻപോട്ട് പോയിരുന്ന ഇന്ത്യൻ സമ്പദ്മേഖലയിൽ പെട്ടെന്നുണ്ടായ നോട്ട് നിരോധനം (Demonitisation), സമ്പദ്ഘടനയുടെ ഒഴുക്കിനെ പ്രതികൂലമായി ബാധിക്കുകയും എന്നാൽ, അത് പിന്നീട് സമ്പദ് മേഖലയെ സഹായിക്കും എന്ന ആത്മവിശ്വാസവും ഓരോ വ്യാപാരമേഖലയും പ്രതീക്ഷിച്ചിരുന്നു. പിന്നീട് വന്ന GST യും സമ്പദ് മേഖലയെ പൊടുന്നനെയുള്ള മറ്റൊരു മാറ്റത്തിന് വിധേയമാക്കി. ഇപ്പോഴും ഇന്ത്യയിലെ സാമ്പത്തിക വിദഗ്ധർ സ്വപ്നം കാണുന്നത് വരും കാലങ്ങളിൽ ഈ സമ്പദ്ഘടനയുടെ പുതിയ ചിട്ടകൾ രാജ്യത്തിന് ഗുണം ചെയ്യുമെന്ന് തന്നെയാണ്. എല്ലാ വർഷവും ഇന്ത്യയുടെ പരസ്യരംഗം 15 ശതമാനത്തോളം വളർച്ചയുണ്ടാക്കാറുണ്ട് എന്നാണ് കണക്ക്. അത് ഈ വർഷവും ഒരുപക്ഷെ ചില ഘടകങ്ങളെ ആശ്രയിച്ച് (പൊതു തിരഞ്ഞെടുപ്പ്, വേൾഡ് കപ്പ്, ഓൺലൈൻ വ്യാപാരം, വാഹനവ്യവസായം) ആ വളർച്ചയുടെ ശതമാനകണക്ക് അധികം താഴെ പോവില്ല എന്നുതന്നെയാണ് പ്രതീക്ഷ. 2018ൽ 60,000 കോടി ആയിരുന്ന വിപണി ഈ വർഷം 70,000 കോടി എത്തുമെന്നാണ് ഏകദേശ കണക്ക്. കുറച്ച് വർഷങ്ങളായി മാധ്യമ പരസ്യവിപണിയിൽ വളർച്ചയുടെ കാര്യത്തിൽ സ്ഥിരത കൈവരിക്കുന്ന രാജ്യമാണ് ഇന്ത്യ. മൊത്തം പരസ്യങ്ങളിൽ ടിവി 38%, പ്രിന്റ് മീഡിയ 32%, 15% ഔട്ട്ഡോർ, 8% ഡിജിറ്റൽ, 7% മറ്റുള്ളവ. വരാൻ പോകുന്ന വിപണിയിൽ കൂടുതൽ വളർച്ചയുണ്ടാകാൻ പോകുന്നത് ഡിജിറ്റൽ മേഖലയിലാണ്. 30% പരസ്യങ്ങളാണ് ഡിജിറ്റൽ മേഖല കൈവരിക്കാൻ പോകുന്നത്.

കേരളത്തിലെ പരസ്യവിപണിയിൽ കേന്ദ്രത്തിലെ പ്രശ്നങ്ങൾക്കു പുറമെ വലിയ ഒരു പ്രളയം കൂടെ നേരിട്ടപ്പോൾ സമ്പദ്ഘടനയ്ക്ക് അതൊരു വലിയ ആഘാതമാണുണ്ടാക്കിയത്. കേരളത്തിലെ റീട്ടെയിൽ മേഖലയ്ക്ക് ഇത് കുറെയധികം ദോഷം ചെയ്തു. കേന്ദ്രത്തിലെ സാമ്പത്തിക മേഖലയിലെ മാറ്റങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ ഒരു പരിധിവരെ പിടിച്ചുനിന്നത് അവിടുത്തെ വ്യവസായ ഉൽപാദനങ്ങളായിരുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം 3 സാമ്പത്തിക സ്രോതസ്സുകളാണ് പ്രധാനമായും ഉള്ളത്.

ഒന്നാമതായി സർവ്വീസ് മേഖല

ഈ മേഖലയിലെ ഉദ്യോഗാർത്ഥികളായ Engineers, Doctors, Software Professionals, Business Management Professionals, ഉയർന്ന ബിരുദധാരികൾ എന്നീ രംഗങ്ങളിലെ മിടുക്കൻമാർ അവരുടെ നിക്ഷേപങ്ങൾ അന്യസംസ്ഥാനങ്ങളിലേക്കോ, അല്ലെങ്കിൽ വിദേശ രാജ്യങ്ങളിലേക്കോ കൂടുതലായി പോകാൻ തുടങ്ങി. കേരളത്തിലെ റിയൽ എസ്റ്റേറ്റ് മേഖലക്കപ്പുറത്ത് അന്യസംസ്ഥാനങ്ങളിലോ വിദേശ രാജ്യങ്ങളിലോ ഇൻവെസ്റ്റ് ചെയ്യാൻ പുതിയ തലമുറ തുടങ്ങികഴിഞ്ഞത് വിപണിക്ക് ദോഷം ചെയ്തു.

രണ്ടാമത്തെ സ്രോതസ്സാണ് കൃഷി

കൃഷിരംഗത്ത് സാമ്പത്തിക ഭദ്രത കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞില്ല എന്നു മാത്രമല്ല ഓരോ ദിവസവും അത് താഴോട്ടുപോകുന്നതായാണ് നാം കാണുന്നത്. പ്രളയം പോലെയുള്ള മാറി മാറി വരുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ ഈ മേഖലയിൽ നിന്നുള്ള തുടർ പ്രതീക്ഷകൾ തകർക്കുന്നു. മാത്രമല്ല, അതു

കൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതികൾ വളരെ കാര്യമായി തന്നെ നമ്മുടെ കാർഷിക മേഖലയെ ബാധിക്കുന്നു.

മൂന്നാമത്തെ സ്രോതസ്സായിരുന്ന വിദേശ പണം

ഗൾഫ് മേഖലയിൽനിന്നും, USA, Australia, Canada തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് NRI പണത്തിന്റെ വലിയ സ്രോതസ്സുണ്ടായിരുന്നു. ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യവും ഇന്ത്യക്കാർ ജോലിചെയ്യുന്ന വിവിധ രാജ്യങ്ങളിൽ മറ്റു രാജ്യങ്ങളിൽനിന്നും വളരെ കുറഞ്ഞ നിരക്കിൽ ജോലി ചെയ്യുന്നതിന് തൊഴിലാളികളുടെ വരവ് എന്നിവയോടെ വിദേശത്ത് ജോലി ചെയ്യുന്ന നമ്മുടെ ഇന്ത്യക്കാർക്ക് മിച്ചം വെയ്ക്കാനില്ലാത്തവിധം ശമ്പളത്തിൽ കാര്യമായ കുറവുണ്ടായി. ഇതും വളരെ ശക്തമായി കേരളത്തെ ബാധിച്ചു.

കേരളത്തിലെ പരസ്യദാതാക്കൾക്കുള്ള സാധ്യതകൾ ഒരു saturation point ലാണെന്ന് ചില നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. കാരണം, കേരളത്തിലെ 95% ആളുകളും സാക്ഷരത കൈവരിച്ചിരിക്കുന്നു എന്നതുതന്നെയാണ്. മറ്റു സംസ്ഥാനങ്ങളിൽ 50 ശതമാനത്തോളം ആളുകൾ ഇനിയും കൺസ്യൂമർ മേഖലയിലേക്ക് കടന്നുവരാനായി ബാക്കിനിൽക്കുന്നു. ദേശീയ പരസ്യ കാംപെയിനുകൾ കേരളത്തിനേക്കാൾ കൂടുതൽ വ്യാപിപ്പിക്കാൻ മറ്റ് സംസ്ഥാനങ്ങൾക്ക് കഴിയും എന്നാണ് കണക്കുകൾ ചൂണ്ടികാണിക്കുന്നത്.

2018ൽ 60,000 കോടി ആയിരുന്ന പരസ്യ വിപണി ഈ വർഷം 70,000 കോടി എത്തുമെന്നാണ് ഏകദേശ കണക്ക്. കുറച്ച് വർഷങ്ങളായി മാധ്യമ പരസ്യ വിപണിയിൽ വളർച്ചയുടെ കാര്യത്തിൽ സ്ഥിരത കൈവരിക്കുന്ന രാജ്യമാണ് ഇന്ത്യ.

പരസ്യ വിപണി മാറുകയാണ്. ആമസോൺ, ഫ്ളിപ്കാർട്ട്, സ്നാപ്ഡീൽ, സ്വിഗി, ഊബർ ഈറ്റ്സ് തുടങ്ങി ഭീമൻമാരായ ഓൺലൈൻ ബിസിനസുകാർ ഡിജിറ്റൽ മീഡിയയിലൂടെ കേരളത്തിന്റെ മാർക്കറ്റ് കീഴടക്കാനായുള്ള അശ്രാന്ത പരിശ്രമത്തിലാണ്. ഉപഭോക്താക്കൾക്ക് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും വീടിന്റെ മുറ്റത്തെത്തിക്കാൻ പാകത്തിൽ കച്ചവടങ്ങൾ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. ശക്തിയിൽ ഓടുന്നതിനേക്കാൾ ബുദ്ധിയിൽ ഓടണമെന്ന് പുതിയ പരസ്യവിപണി നമ്മെ പഠിപ്പിക്കുന്നു. മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുതിയ പരസ്യ വിപണിയിലേക്ക് പരസ്യരംഗം മാറണം, മാറിക്കൊണ്ടിരിക്കണം. അതോടൊപ്പം, കേരളത്തിലെ പരസ്യദാതാക്കൾ കേരളത്തിലെ പരസ്യ ഏജൻസികളോടൊപ്പം ഒറ്റക്കെട്ടായി നിൽക്കണമെന്നും കേരളത്തിലെ സമ്പദ്ഘടന ശക്തമാക്കാൻ കേരളത്തിലെ ഏജൻസികൾക്ക് ഊർജ്ജവും ശക്തിയും നൽകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ഒരു ഉണരുന്ന കേരളം, കുതിക്കുന്ന കേരളം നമുക്കൊരുമിച്ച് സ്വപ്നം കാണാം. അതിനായി നമുക്ക് കൈകോർക്കാം.

THEJUS ENGINEERING COLLEGE

VELLARAKKAD P.O, THRISSUR, KERALA - 680584 Ph: 04885 267135 Fax : 04885 267102

ISO 9001:2015 Certified Institution | Promoted by Cheruvathur Foundation | Affiliated to APJ Abdul Kalam Technological University

ADMISSION STARTED

UNDER GRADUATION (B .TECH)

- CE Civil Engineering (120)
- CS Computer Science & Engineering (120)
- EC Electronics & Communication Engineering (120)
- EE Electrical & Electronics Engineering (60)
- ME Mechanical Engineering (120)

POST GRADUATION (M.TECH)

- CE Geo-technical Engineering (18)
- CE Structural Engineering (18)
- EC Applied Electronics & Communication Systems (18)
- CS Computer Science and Engineering (18)
- EE Power Systems (18)
- ME Manufacturing Systems & Management (18)

Code TJE

3,44,072.52 SQ.FT TOTAL CONSTRUCTED BUILT UP AREA

10.3 ACRES OF LAND SITUATED ASIDE THE STATE HIGHWAY

22 BUS 2 CAR 1 AMBULANCE

1675 TOTAL STUDENTS

87 P.G. STUDENTS

1588 GRADUATE STUDENTS

1001 BOYS 674 GIRLS

660 COMPUTERS

64 MBPS INTERNET

350 HOSTEL INTAKES

150 BOYS 200 GIRLS

139 TOTAL FACULTY

TEC ADMISSION APPLICATION ON ANDROID

scan now

GET IT ON Google Play

TEC ADMISSION

HOTLINE NUMBERS

7025630001
7025630002
7025630003

DONATIONS | CAPITATION FEE
REFUNDABLE DEPOSIT **NO**
ONLY GOVT. APPROVED FEES

EXCELLENT KTU RESULTS & PLACEMENTS

Scholarships worth 2 Crore

FULL FEE WAIVER FOR PCM MARK ABOVE 95% OR KEAM RANK BELOW 10,000

THEJUS COLLEGE OF ARCHITECTURE

THEJUS COLLEGE OF ARCHITECTURE TCA

B.ARCH

Approved by COA & Affiliated to UNIVERSITY OF CALICUT
web: www.thejusarch.com

HOTLINE NUMBERS 70256 30004
70256 30005

COLLEGE BUS FACILITY IS AVAILABLE FROM

THRISSUR / AMBALLUR / CHALAKKUDY / KODUNGALLUR / THRIPRAYAR / CHELAKKARA / SHORNUR / TIRUR / PERINTHALMANNA

പൈസ വരും, പോകും!

പണം പാട്ടുകൾക്ക് പലപ്പോഴും ഇഷ്ടവിഷയമാണ്. ഇതാ ഹിന്ദിയിൽ പുതിയൊരു പൈസപ്പാട്ട് തരംഗമായിരിക്കുന്നു. ഒപ്പം കാൽക്കാശു കൈയിലില്ലാത്ത ഒരാളുടെ പാട്ടും.

ഹിന്ദിയിൽ ഇതു ബയോപിക്കുകളുടെ കാലമാണ്. എന്നുവച്ചാൽ യഥാർത്ഥത്തിൽ ജീവിച്ചിരിക്കുന്ന, അല്ലെങ്കിൽ ജീവിച്ചിരുന്ന വ്യക്തികളുടെ കഥ പറയുന്ന സിനിമകൾ. സ്പോർട്സ് താരങ്ങളും സിനിമാതാരങ്ങളും മുതൽ രാഷ്ട്രീയക്കാരും, എന്തിന് വീരപ്പൻ വരെയും ഈ സിനിമകളുടെ കേന്ദ്രമായി. മിക്കവയും സൂപ്പർ ഹിറ്റുകളായിരുന്നു എന്നത് എടുത്തുപറയേണ്ട കാര്യവുമാണ്.

ഈമാസം പുറത്തിറങ്ങാനിരിക്കുന്ന ബയോപിക് ആണ് സൂപ്പർ 30. ഗണിതശാസ്ത്രകാരൻ ആനന്ദ് കുമാറിനെയും അദ്ദേഹം രൂപപ്പെടുത്തിയ പഠനപദ്ധതിയെയും കുറിച്ചാണ് ഹൃതിക് റോഷൻ നായകനാകുന്ന ഈ ചിത്രം പറയുന്നത്. വികാസ് ബാഹി സംവിധാനംചെയ്യുന്ന ചിത്രത്തിന്റെ സംഗീതം ഒരുക്കുന്നത് അജയ്-

അതുൽ ദ്വയമാണ്. സൂപ്പർ 30-നെക്കുറിച്ച് ഇവിടെ പറയാൻ കാര്യം അതിലെ ഒരു പാട്ടാണ്.



കഴിഞ്ഞദിവസം യുട്യൂബിൽ റിലീസ് ചെയ്ത പാട്ട് ഒട്ടേറെ ആരാധകരെ സൃഷ്ടിച്ചു മുന്നേറുന്നുണ്ട്. ഒറ്റദിവസംകൊണ്ട് അമ്പതുലക്ഷത്തോളം തവണയാണ് ഈ പാട്ട് യുട്യൂബിൽ പ്ലേ ചെയ്യപ്പെട്ടത്. പ്രധാനപ്പെട്ട ഒരുകാര്യംകൂടി അറിയുക- പാട്ടിൽ ചർച്ചചെയ്യുന്ന വിഷയം ശ്രദ്ധേയമാണ്- പൈസ!

പാട്ടിലെ കാശ്

പണം ഒട്ടേറെ പാട്ടുകൾക്ക് വിഷയമായിട്ടുണ്ട്. അതിനു ഭാഷാഭേദവുമില്ല. ആ ഗണത്തിലെ ഏറ്റവും പുതിയതാണ് സൂപ്പർ 30-ലെ പൈസ. ആദ്യത്തെ നാലു വരികളുടെ അർത്ഥം ഏതാണ്ട് താഴെക്കാണുന്നവിധമാണ്:

നിന്റെ ജീവിതത്തെ ജീവിതമാക്കാൻ പൈസ വന്നു

നിറംകെട്ട ലോകത്തെ ചായംപൂശാൻ പൈസ വന്നു

ഇരുട്ടുമുറികളിൽ വിളക്കുകൊളുത്താൻ പൈസ വന്നു

നിന്റെ സ്വപ്നങ്ങൾ സത്യമാക്കി കാണിക്കാൻ പൈസ വന്നു...

ഒരു പെപ്പി നമ്പറായാണ് ഈ പാട്ടിനെ ഒരുക്കിയിരിക്കുന്നത്. കേൾക്കുന്നവരെ ഒന്നു ത്രസിപ്പിക്കുമെന്നു ചുരുക്കം. പാട്ട് സോഷ്യൽ മീഡിയയിൽ പങ്കുവച്ച് ഋതിക് റോഷൻ കുറിച്ചതിങ്ങനെയാണ്- വർഷങ്ങളുടെ അധ്വാനത്തിന്റെ ഫലമാണ് ഈ പൈസ., ഇനി ഇത് എങ്ങനെ ആനന്ദിപ്പിക്കുമെന്നു നോക്കാം.

എല്ലാവർക്കും സ്വന്തം ജീവിതത്തോടു താരതമ്യപ്പെടുത്താവുന്നതാണ് പൈസയെക്കുറിച്ചുള്ള പാട്ട്. ഇതിൽ ചിത്രത്തിലെ നായകൻ നീണ്ടകാലത്തെ കഷ്ടപ്പാടുകൾക്കു ശേഷം പണക്കാരനാകുന്നതാണ് സന്ദർഭം. കാശുണ്ടായാൽ ആളുകളുടെ മനസു മാറുമോ എന്നതും വലിയ ചോദ്യമാകുന്നു.

അമിതാഭ് ഭട്ടാചാര്യ എഴുതിയ അർത്ഥവത്തായ വരികൾ പാടിയിരിക്കുന്നത് വിശാൽ ദാദ്ലാനിയാണ്. പാട്ട് സൂപ്പർഹിറ്റാകുമെന്നതിൽ സംശയമില്ലെന്നാണ് ഇപ്പോഴത്തെ യുട്യൂബ് ഹിറ്റുകൾ തെളിയിക്കുന്നത്.

നഞ്ചോ മഞ്ചോ?

നോട്ടു നിരോധിച്ചകാലത്ത് ഏറ്റവുമധികം പാടിക്കേട്ടതും മനസിൽ പാടിയതുമായ ഒരു പാട്ടുണ്ട്- നയാ പൈസയില്ല, കയ്യിലൊരു നയാ പൈസയില്ല... നഞ്ചു വാങ്ങി തിന്നാൻ പോലും നയാപൈസയില്ല...

ഈ പാട്ടുണ്ടാക്കിയ കാലത്ത് ഇന്നത്തെ നോട്ടോ, നോട്ടു നിരോധനമോ ഇല്ലായിരുന്നെന്ന് പ്രത്യേകം പറയേണ്ടല്ലോ. കൈയിൽ കാൽക്കാശില്ലാത്ത ആർക്കും ഈ പാട്ടു പാടാം. നീലി സാലി എന്ന ചിത്രത്തിനുവേണ്ടി പി. ഭാസ്കരൻ മാസ്റ്റർ എഴുതി കെ. രാഘവൻ മാസ്റ്റർ ഈണമിട്ടതാണ് ഈ പാട്ട്. മെഹബൂബിന്റെ ശബ്ദം സൃഷ്ടിച്ച ഭാവം കാശില്ലാത്തവന്റെ ദയനീയാവസ്ഥയായിരുന്നു. നഞ്ച് എന്ന വിഷത്തെക്കുറിച്ച് പുതിയ തലമുറയ്ക്ക് വലിയ അറിവുണ്ടാകില്ല. നഞ്ച് പോട്ടെ, അഞ്ചുരൂപയുടെ മഞ്ചെങ്കിലും വാങ്ങാൻ കൈയിൽ കാശുവേണമല്ലോ!

ജീവിതത്തിന്റെ നേർക്കാഴ്ചതന്നെയാണ് പാട്ടുകൾ സമ്മാനിക്കുന്നത്. കാശ് ഇന്നുവരും, നാളെ പോകും. പക്ഷേ, പോകാനായിട്ടെങ്കിലും മറ്റന്നാൾ വീണ്ടും വരണം. ആ സാധ്യതയില്ലാത്തവർ കാശ് സൂക്ഷിച്ചു കൈകാര്യം ചെയ്യണം. അങ്ങനെയായാൽ പാട്ടുംപാടി ജീവിക്കാം.

COURSE DETAILS

- **PLUS TWO**
  (Commerce & Humanities)
- **B.Sc.**
  (Mathematics)
- **B.Com.**
  (Finance & Co-Operation)
- **B.A.**
  (Economics & English)
- **M.Sc.**
  (Mathematics)
- **M.Com.**
  (Regular /Sunday)
- **M.A.**
  (English & Economics)

GIRLS ONLY

The institution that bagged For the last 33 years

- 35 FIRST RANKS
- 14 SECOND RANKS
- 15 THIRD RANKS

Sakthan Thampuran
College of Mathematics and Arts

+91 487- 233 0199, 232 2299

Bennet Road, Thrissur, Kerala- 680 001

www.sakthancollege.org sakthanc@gmail.com

Ajith Kumar Raja M	*Prof.M.K. Menon*	*Joju Tharaken*
(Principal & Director)	*(Patron)*	*(Director)*

എൻബിഎഫ്സി കളുടെ പ്രവർത്തനം; ഒരു പുനർവായന

രാജേഷ്കുമാർ കെ. പിള്ള,
ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തൃശൂർ ചാപ്റ്റർ

ആകാശത്തു ഉരുണ്ടുകൂടുന്ന കാർമേഘങ്ങളാൽ, കുറേ നാളുകളിലായി ഇന്ത്യയിലെ NBFC കൾ വാർത്തകളിൽ പലപ്പോഴും നിറഞ്ഞുനിൽക്കുന്നത് നാം കാണുന്നുണ്ടല്ലോ. ഈ ലേഖനം അതിന്റെ കാര്യകാരണങ്ങൾ ചർച്ച ചെയ്യാൻ ശ്രമിക്കുകയാണ്.

ഇന്ത്യയിൽ റിസർവ് ബാങ്കിന്റെ കണക്ക് പ്രകാരം പതിനായിരത്തിനു മുകളിൽ എൻബിഎഫ്സികൾ ഉണ്ട്. നമ്മുടെ രാജ്യത്ത് സാമ്പത്തിക രംഗത്തെ പ്രധാന സ്ഥാപനങ്ങൾ ബാങ്കുകളും ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ എന്ന് അറിയപ്പെടുന്ന NBFC കളും ആണ്. ബാങ്കുകൾ നിക്ഷേപസമാഹരണം എല്ലാവരിൽ നിന്നും സ്വീകരിക്കുമെങ്കിലും വായ്പകൾ നൽകുന്നതിൽ അത്ര വിശാലത കാണിക്കാറില്ല എന്ന് നമുക്കറിയാവുന്നതാണല്ലോ. ബാങ്കുകളുടെ പ്രവർത്തനം പ്രധാനമായും നഗരകേന്ദ്രീകൃതമാണ്. ബാങ്കുകൾക്കു സ്വീകാര്യത ഉള്ള ഇടപാടുകാർക്ക് മാത്രമേ ബാങ്കിന്റെ ലോൺ ലഭിക്കുകയുള്ളു. ബാങ്കുകളിൽ സ്വീകാര്യത ഇടപാടുകാരുടെ സാമ്പത്തിക ശേഷി നിർണ്ണയിക്കുന്നതിന് ആവശ്യമായ രേഖകൾ ഉണ്ടെങ്കിൽ മാത്രമാണ്. ഇതാവട്ടെ സാധാരണക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല. ഇവിടെയാണ് NBFC കളുടെ പ്രസക്തി. സമൂഹത്തിലെ താഴെത്തട്ടിൽ കഴിയുന്നവരുടെ ജീവിതമാർഗം കെട്ടിപ്പെടുത്തുന്നതിനുള്ള ചാലകശക്തിയാണ് NBFC കൾ. ഈ യാഥാർഥ്യം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്നു ഇന്ത്യയുടെ വിദൂര ഗ്രാമങ്ങളിൽ പോലും സാമ്പത്തിക ഇടപാടുകൾ സാധ്യമാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിന് അധീനമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തിന്റെ സമഗ്രമായ വികസനം സാധ്യമാക്കുന്ന പ്രധാനപ്പെട്ട പങ്കാളിയാണെന്ന് എടുത്തു പറയേണ്ടതാണ്. എന്ന് മാത്രമല്ല രാജ്യത്ത് സുസ്ഥിരമായ തൊഴിലവസരവും NBFC കൾ സൃഷ്ടിക്കുന്നു. മുകളിൽ പറഞ്ഞ പതിനായിരം NBFC കളിൽ ഏതാണ്ട് 275നു മുകളിൽ ഉള്ളവ 500 കോടി രൂപക്കുമുകളിൽ ആസ്തി (asset size) ഉള്ളവയാണ് ഇവയെ സിസ്റ്റമിക്കലി ഇമ്പോർട്ടന്റ് NFC എന്ന് RBI കണക്കാക്കുന്നു അതിനാൽത്തന്നെ RBI യുടെ കർശന നിബന്ധനകൾക്ക് വിധേയമായി മാത്രമേ ഈ ഗണത്തിൽപെട്ടവയ്ക്ക് പ്രവർത്തിക്കാനാകു.

നമ്മുടെ സാമ്പത്തിക വ്യവസ്ഥയിൽ ബാങ്കുകൾക്ക് താല്പര്യം ഇല്ലാത്ത ഇടപാടുകാർക്കുള്ള അത്താണിയാണ് NBFC കൾ എന്ന് മുൻപ് പറഞ്ഞല്ലോ.

NBFC കൾ പ്രധാനമായും പ്രവർത്തിക്കുന്നത് താഴെ പറയുന്ന മേഖലകളിലാണ്:

1. **വാഹന വായ്പ -കൊമേഴ്ഷ്യൽ വെഹിക്കിൾസ്**
2. **ടു വീലർ ഫിനാൻസ്**
3. **ഗോൾഡ് ലോൺ**
4. **കൺസ്യൂമർ ഗുഡ്സ് ഫിനാൻസ്**
5. **എസ് എം ഇ ലോൺസ്**
6. **ഹൗസിംഗ് ഫിനാൻസ്**
7. **പശ്ചാത്തല വികസനം (Infrastructure പ്രൊജക്റ്റ് ഫണ്ടിംഗ്)**

മുകളിൽ സൂചിപ്പിച്ച മേഖലകളിലെല്ലാം NBFC കളുടെ പ്രവത്തനം രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ വലിയ സംഭാവന നലികിയിട്ടുണ്ട് എന്നതു യാഥാർഥ്യമാണ്. സാധാരണക്കാരിൽ സാധാരണക്കാരായിട്ടുള്ളവരുടെ ജീവിതത്തിന് ഈ സ്ഥാപനങ്ങളാണ് എ

ന്നും കൈതാങ്ങ്. എന്നാൽ കഴിഞ്ഞ കുറച്ചു നാളുകളായി NBFC മേഖല ഒരു പ്രത്യേക പ്രതിസന്ധി നേരിടുകയാണ്. ഇതാവട്ടെ ഒരു പരിധിവരെ വേണ്ട മുന്നൊരുക്കങ്ങളില്ലാതെ ബിസിനസ്സിന്റെ കുതിച്ചുചാട്ടത്തിനു പിറകെ പാഞ്ഞതിന്റെ പരിണാമമാണ്. ഹ്രസ്വകാലത്തിനുള്ളിൽ തിരികെ കൊടുക്കേണ്ടിവരുന്ന വായ്പകൾ മൂന്നു മാസം മുതൽ ഒരു വർഷത്തിനുള്ളിൽ തിരികെ നൽകേണ്ടവയാണ്. അത്തരം മൂലധനം NBFC കൾ ദീർഘകാല വായ്പകൾ നൽകാൻ ഉപയോഗിച്ചതാണ് ഇന്ന് കാണുന്ന പ്രതിസന്ധിയുണ്ടാകാൻ പ്രധാനകാരണം. ഹ്രസ്വ കാലത്തേക്ക് സ്വീകരിച്ച നിക്ഷേപങ്ങൾ അവയുടെ മച്യൂരിറ്റി കാലയളവിൽ തിരിച്ചു നൽകാൻകഴിയാതെ വന്നിട്ടുള്ളതാണ് ഇന്ന് NBFC കളുടെ മാനത്തു ഉരുണ്ട് കൂടുന്നത്. ഇതു പെയ്തിറങ്ങി തുടങ്ങി. ഇതിന്റെ വ്യാപ്തി പൂർണമായും നമുക്ക് അറിവായിട്ടില്ല.

നമ്മുടെ രാജ്യത്ത് സാമ്പത്തിക രംഗത്തെ പ്രധാന സ്ഥാപനങ്ങൾ ബാങ്കുകളും ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ എന്ന് അറിയപ്പെടുന്ന NBFC കളും ആണ്. സമൂഹത്തിലെ താഴെത്തട്ടിൽ കഴിയുന്നവരുടെ ജീവിതമാർഗം കെട്ടിപ്പെടുത്തുന്നതിനുള്ള ചാലകശക്തിയാണ് NBFC കൾ.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിന് അധീനമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തിന്റെ സമഗ്രമായ വികസനം സാധ്യമാക്കുന്ന പ്രധാനപ്പെട്ട പങ്കാളിയാണ്.

Infrastructure Leasing & amp; Finance Limited (IL & amp; FS) എന്ന NBFC തങ്ങളുടെ നിക്ഷേപങ്ങൾ തിരിച്ചു നൽകുന്നതിൽ വീഴ്ചവരുത്തിയതുമുതലാണ് ഇന്നത്തെ പ്രതിസന്ധി പൊട്ടിപുറപ്പെട്ടത്. ILFS പോലുള്ള വൻകിട സാമ്പത്തിക സ്ഥാപനങ്ങൾ ഉയർന്ന ക്രഡിറ്റ് റേറ്റിംഗിനു ഉടമകളാകയാൽ അവർ പുറത്തിറക്കുന്ന ഡിബഞ്ചറുകൾ, കൊമേഴ്സ്യൽ പേപ്പർ മുതലായവയിൽ നിക്ഷേപിക്കുന്നവർ ബാങ്കുകളും മ്യൂച്ചൽ ഫണ്ടുകളും ആണ്. ഇതിനെത്തുടർന്ന് രാജ്യത്താകമാനമുള്ള ബാങ്കുകളും NBFC കളും മ്യൂച്ചൽ ഫണ്ടുകളും NBFC കൾക്ക് നൽകിയിരുന്ന വായ്പകൾ നിർത്തി വെയ്ക്കുകയോ കുറക്കുകയോ ചെയ്യാൻ നിർബന്ധിതരായി. ഇതു NBFC സെക്ടർ ഒന്നാകെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുന്നതിലേക്ക് നയിച്ചു.

സാമ്പത്തിക രംഗത്തുണ്ടാകുന്ന പ്രതിഫലനങ്ങൾ

ഇന്ത്യയിൽ സാമ്പത്തികരംഗത്തു പൊതുവെ ഒരു മാന്ദ്യത നിലനിൽക്കുന്നു എന്ന് നമുക്കേവർക്കും അറിവുള്ളതാണല്ലോ, മാത്രമല്ല തൊഴിലില്ലായ്മയും വളരെ മുൻപിലാണ്. NBFC കളെ ആശ്രയിച്ചു നിൽക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ഓട്ടോമൊബൈൽ, തുടങ്ങി സാധാരണക്കാരുടെ ജീവിത മാർഗങ്ങൾ കൂടുതൽ പ്രതിസന്ധിയിലേക്ക് നയിക്കപ്പെടാനുള്ള സാധ്യത വലുതാണ്. ദീർഘകാല വായ്പകൾ നൽകുന്ന സ്ഥാപനങ്ങൾക്ക് പണലഭ്യതയിൽ നേരിടുന്ന പ്രതിസന്ധി അവരിൽ നിക്ഷേപിച്ചിരിക്കുന്ന മറ്റു ധനകാര്യ സ്ഥാപനങ്ങളെയും ബാങ്കുകളെയും കൂടുതൽ പ്രതിസന്ധിയിലേക്കു തള്ളിവിടാനും സാമ്പത്തിക ചംക്രമണത്തിലെ താഴെ തട്ടിലുള്ള കണ്ണികളായ പൊതുജനങ്ങളിലേക്ക് എത്തിപ്പെടുകയും ചെയ്യും.

പ്രതിസന്ധിയുടെ വ്യാപ്തി

PRBI 2018 സെപ്റ്റംബർ വരെയുള്ള പ്രവർത്തന റിപ്പോർട്ട് പുറത്തിറക്കിയിട്ടുള്ളതു പ്രകാരം, NBFC കളുടെ ലയബിലിറ്റി 26019 ബില്യൺ രൂപയാണ്. അതിന്റെ ഘടന താഴെ നൽകുന്നു.

A. മൂലധനം –5595 ബില്യൺ രൂപ.
B. Public deposit 326 ബില്യൺ രൂപ.
C. Debenture 7551 ബില്യൺ രൂപ
D. ബാങ്ക് ലോൺ – 4936 ബില്യൺ രൂപ
E. കൊമേർഷ്യൽ പേപ്പർ –1816.ബില്യൺ രൂപ
F. മറ്റുള്ളത് –5795 ബില്യൺ.

മുകളിൽ വിവരിച്ചതിൽ നിന്നും NBFC കൾ സമാഹരിച്ചിട്ടുള്ള സംഖ്യ ചെറുതല്ലെന്നു നമുക്ക് മനസിലാക്കാം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ അവർ ഇത്രയും തന്നെ നമ്മുടെ രാജ്യത്ത് വായ്പകൾ നൽകിയിട്ടുണ്ടെന്നാണ് കരുതേണ്ടത്. ഇതു നമ്മുടെ രാജ്യത്ത് ക്രിയാത്മകമായി വിനിയോഗിച്ചതിട്ടുള്ളതാണ്. ഇന്ത്യയിലെ കൊമേർഷ്യൽ ബാങ്കുകൾ നിഷ്ക്രിയ ആസ്തി (NPA)കൾ കൊണ്ട് പൊറുതിമുട്ടിയിരിക്കുകയാണെന്ന് നമുക്കൊക്കെ അറിയാമല്ലോ. കഴിഞ്ഞ രണ്ടു വർഷങ്ങളായി പൊതുമേഖല ബാങ്കുകൾ നഷ്ടത്തിന്റെ കണക്കുകളാണ് പുറത്തു വിടുന്നത്. വ്യാവസായിക, വാണിജ്യ രംഗങ്ങളിലേക്കു ബാങ്കുകൾ നൽകുന്ന വായ്പകളിൽ കാര്യമായ കുറവാണു വന്നത്. ഒരു പരിധിവരെ സമൂഹത്തിൽ ബഹുമുഖങ്ങളിൽ വാ

യ്പയുടെ ലഭ്യത ഉറപ്പാക്കിയത് NBFC കൾ ആണ്. RBI പുറത്തുവിട്ടിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് 2018 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ ബാങ്കുകളുടെ കിട്ടാക്കടം വായ്പകളുടെ 11 % നു മുകളിലായിരുന്നു എന്നാണ്. ഇതേ കാലഘട്ടത്തിൽ NBFC കളുടെ കിട്ടാക്കടം വായ്പകളുടെ 6% ത്തിൽ താഴെയായിരുന്നു. ഇതു സൂചിപ്പിക്കുന്നത് NBFC കളുടെ മാനേജ്മെന്റിന്റെ കെട്ടുറപ്പും ലോൺ തിരികെ പിരിച്ചെടുക്കുന്നതിലുള്ള പാടവത്തിനോടൊപ്പം കൃത്യമായി വായ്പക്കാരുടെ സാമ്പത്തിക ഭദ്രത മനസ്സിലാക്കി ലോൺ കൊടുക്കാനുള്ള ശേഷിയുമാണ്.

മുകളിൽ സൂചിപ്പിച്ച നിക്ഷേപങ്ങൾ NBFC കൾക്ക് കോൺട്രാക്ട് ഡേറ്റുകളിൽ കൊടുത്തു തീർക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് അവയുടെ നിലനിൽപിന് തന്നെ ഭീഷണിയാണ്. സാമ്പത്തിക രംഗത്തെ സ്ഥാപനങ്ങൾ ഒരു ചങ്ങലയിലെ കണ്ണികൾ പോലെയാണ്. ഒരിടത്തു തുടങ്ങുന്ന ഇളക്കം ആ ചങ്ങലയിലുള്ള എല്ലാ കണ്ണികളിലും എത്തും. NBFC കളിൽ നിക്ഷേപം നടത്തിയിട്ടുള്ള ധനകാര്യ സ്ഥാപനങ്ങളും, വായ്പകൾ നൽകിയിട്ടുള്ള ബാങ്കുകളും അവരുടെ നിക്ഷേപങ്ങളും ലോണുകളും കിട്ടാക്കടങ്ങളിലേക്കു മാറ്റേണ്ടതായി വരികയും അവരുടെ ലാഭത്തിൽ ഇടിവുണ്ടാവുകയുമാവും ഫലം. ഇപ്പോഴത്തെ ഈ അവസ്ഥ ലിക്വിഡിറ്റി മിസ്മാച്ച് ALM മിസ്മാച്ച് എന്നൊക്കെയാണ് സാമ്പത്തിക വിദഗ്ധർ വിളിക്കുന്നത്. ലളിതമായി പറഞ്ഞാൽ കിട്ടാനും കൊടുക്കാനും ഉള്ളവ തമ്മിലുള്ള അന്തരം. അല്ലെങ്കിൽ കൈയിലുള്ളതിലേറെ കൊടുക്കാനുണ്ടാവുന്ന അവസ്ഥ. ഇത്തരം അവസരങ്ങളിൽ ക്രഡിറ്റ് റേറ്റിംഗ് ഏജൻസികൾ സ്ഥാപനങ്ങളുടെ റേറ്റിംഗ് താഴ്ത്തുന്നത് അവയെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്ന കാഴ്ചയാണ് കാണുന്നത്.

രാജ്യത്തെ സാമ്പത്തിക രംഗത്ത് പണലഭ്യതയിലുള്ള കുറവ് പലിശ നിരക്ക് കൂടുന്നതിലേക്ക് നയിക്കുകയും വായ്പയെടുക്കുന്നവരുടെ പ്രവർത്തന മൂലധനലഭ്യതയെയും ലാഭത്തെയും പ്രതികൂലമായി ബാധിക്കും.

എന്താണ് പ്രതിവിധി

അച്ചടക്കത്തോടെയുള്ള സാമ്പത്തിക മാനേജ്മെന്റ് ആണ് പ്രധാനം. ധനകാര്യ സ്ഥാപനങ്ങൾ തങ്ങളുടെ കൈയിൽ ലഭ്യമായ ധനത്തിനനുസൃതമായി മാത്രം വായ്പകളും നിക്ഷേപങ്ങളും നടത്തേണ്ടതാണ്. കാലാവധി കുറഞ്ഞ നിക്ഷേപങ്ങൾക്ക് പലിശ കുറവാകും എന്ന കാരണത്താൽ വലിയതോതിൽ അത്തരം ചിലവുകുറഞ്ഞ ഫണ്ട് സ്വീകരിച്ചു ദീർഘകാല വായ്പകൾ കൊടുക്കുന്ന പ്രവണതയിൽ നിന്നും മാറേണ്ടതാണ്. ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും NBFC കൾക്ക് ദീർഘകാല വായ്പകൾ നൽകാനുള്ള മടി മാറ്റേണ്ടത് ഇന്നുള്ള അവസ്ഥ ആവർത്തിക്കാതിരിക്കാനുപകരിക്കും. NBFC കൾ തങ്ങളുടെ കൈവശം നിശ്ചിത അളവിൽ കരുതൽ ധനം സൂക്ഷിക്കുന്ന ആരോഗ്യകരമായ സാമ്പത്തിക അച്ചടക്കം പാലിക്കുകയാണെങ്കിൽ തങ്ങളുടെ നിത്യനിതാനചിലവുകളും കൊടുത്തുതീർക്കേണ്ട ബാധ്യതകളും കൊടുത്തുതീർക്കാനും സാധിക്കും. NBFC കളുടെ നിലനിൽപ്പ് രാജ്യ പുരോഗതിക്ക് അത്യാവശ്യമാന്നെന്നിരിക്കെ ഗവൺമെന്റിന്റെ കാര്യമായ ഇടപെടൽ ആവശ്യമാണ്. NBFC കൾക്ക് അവശ്യം വേണ്ട ദീർഘകാല വായ്പക്കായി പ്രത്യേക സ്ഥാപനങ്ങളെ നിയമിക്കുകയും അവ NBFCകളുടെ വായ്പക്കനുസൃതമായ കാലയളവിൽ പുനർവായ്പ നൽകുകയും വേണം. മറ്റൊന്ന് ഇന്ത്യയിൽ ഇനിയും വളർന്നു വരാത്ത ബോണ്ട് മാർക്കറ്റ് ആണ്. ബോണ്ട് മാർക്കറ്റിലെ ധന ലഭ്യതയുടെ കുറവുമൂലം NBFC കളും ഇതര ധനകാര്യ സ്ഥാപനങ്ങളും ബോണ്ട് ഇഷ്യൂ ചെയ്തു ധനസമാഹരണം നടത്തുന്നത് തുലോം കുറവാണ്. കഴിഞ്ഞ കുറച്ചു നാളുകളായി ഈ രംഗത്തേക്ക് ധനകാര്യസ്ഥാപനങ്ങൾ കടന്നുവരുന്നുണ്ട് എന്നത് സ്വാഗതാർഹമാണ്. ലഭ്യമാകുന്ന വിവരങ്ങൾ അനുസരിച്ചു NBFC കളുടെ ശനിദശ മാറി എന്ന് കരുതുക വയ്യ. പ്രതിസന്ധിയിലുഴലുന്ന പല സ്ഥാപനങ്ങളുടെയും പേരുകൾ പല മാധ്യമ വാർത്തകളിലും കാണുന്നുണ്ട്. RBI യുടെയും ഗവൺമെന്റിന്റെയും ഇടപെടലിലൂടെ പ്രതിസന്ധികൾക്ക് അയവുണ്ടാകും എന്ന് നമുക്ക് പ്രത്യാശിക്കാം.

(വിവരങ്ങൾക്ക് അവലംബം RBIയുടെ റിപ്പോർട്ട്, മാധ്യമ വാർത്തകൾ തുടങ്ങിയവ).

NiRMALA COLLEGE

NUTMEG GARDENS, KUNNAPPILLY P.O., MELOOR, CHALAKUDY - 680 311.

Approved by AICTE / Pharmacy Council of India, New Delhi. Affiliated to A.P.J. Abdul Kalam Technological University
University of Calicut / Directorate of Medical Education (DME) / Directorate of Technical Education (DTE)
Kerala University of Health Sciences (KUHS) & Recognized by Govt. of Kerala.

MANAGED BY NIRMALA EDUCATIONAL TRUST

MANAGEMENT 94476 52909

MBA

FINANCE | MARKETING | HUMAN RESOURCES
INFORMATION SYSTEMS | OPERATIONS(LOGISTICS)

PGCM

AVIATION & AIRPORT MANAGEMENT (15 Months)
HOSPITAL & HEALTH CARE MANAGEMENT (15 Months)

ENGINEERING 94476 52909

B.Tech

CIVIL | MECHANICAL | MECHATRONICS
FOOD TECHNOLOGY*

PHARMACY 94467 66227

B.Pharm

BACHELOR OF PHARMACY (4 YEARS)

D.Pharm

DIPLOMA IN PHARMACY (2 YEARS)

POLYTECHNIC 94476 52909

DIPLOMA

MECHANICAL | CIVIL | CHEMICAL
AUTOMOBILE | ELECTRICAL & ELECTRONICS

Upcoming Courses *

ARTS & SCIENCE 97457 51026

B.Com + ACCA

FINANCE / CA / CO-OPERATION
(ACCA Programme 6 papers exempted for our B.Com. students)

BCA

COMPUTER APPLICATION

BA

ENGLISH LANGUAGE & LITERATURE WITH JOURNALISM

B.Sc.

COMPUTER SCIENCE

BBA

+ AVIATION/LOGISTICS
BUSINESS ADMINISTRATION

BA

MULTIMEDIA (BMMC)

B.Sc.

COSTUME & FASHION DESIGNING

BTTM

TRAVEL & TOURISM MANAGEMENT + IATA

BTHM

TOURISM & HOTEL MANAGEMENT + IATA

GLORIOUS ACHIEVEMENT

MBA

1st RANK

On declaration of T4 Exam September 2018 results
NIRMALA
COLLEGE OF MANAGEMENT STUDIES
among all MBA Colleges under KTU in Kerala
Source: https://ktu.edu.in/eu/res/viewResults.htm

100% PASS

POLYTECHNIC

On declaration of 1st Semester exam results
NIRMALA
INSTITUTE OF TECHNOLOGY
RANKED FIRST
among all self financing Polytechnic Colleges in Kerala
Source: Board of Technical Education, https://tekerala.org/res_stat/inst_sALL_nov18.pdf

63 NATIONAL AND MULTINATIONAL COMPANIES RECRUITED 93% OF OUR STUDENTS
★ IN " JOBATHON JAN–2019 " PLACEMENT DRIVE CONDUCTED IN OUR CAMPUS ★

HOSTEL FACILITY FOR BOYS AND GIRLS. TRANSPORTATION FACILITY AVAILABLE

For Admission & Enquiries Contact : Nirmala Administrative Office, Chalakudy.
Ph : 9447652909, 9745751026, 9496889119, 0480 - 2709093, 2739800

ആഡ് സഭ 2019 ഉദ്ഘാടന വേള.ജെയിംസ് വളപ്പില, ദേവൻ നായർ, കമൽ കൃഷ്ണൻ, വർഗീസ് ചാണ്ടി, രഘു രാമചന്ദ്രൻ, പി.എം.മുകുന്ദൻ, ജോസ് വള്ളൂർ എന്നിവർ.

കെത്രിഎ ആഡ്സഭ 2019

(അവലോകന റിപ്പോർട്ട്)

സ്വന്തം ലേഖകൻ

കേരള അഡ്വർടൈസിംഗ് ഏജൻസീസ് അസോസിയേഷന്റെ തൃശൂർ ഘടകം സംഘടിപ്പിച്ച 'ആഡ്സഭ 2019', പരസ്യവിപണിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സംബന്ധിച്ച സംവാദത്താൽ സമ്പന്നമായിരുന്നു. തൃശൂരിലെ ഹോട്ടൽ പേൾ റീജൻസിയിൽ ജൂൺ 13ന് നടന്ന സംവാദത്തിൽ, കെത്രിഎ തൃശൂർ സോൺ പ്രസിഡന്റ് ദേവൻ നായർ മോഡറേറ്ററായി. കെത്രിഎ സ്റ്റേറ്റ് പ്രസിഡന്റ് ജെയിംസ് വളപ്പില മുഖ്യപ്രഭാഷണം നടത്തി.

മലയാള മനോരമയിലെ മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് വർഗീസ് ചാണ്ടി, മാതൃഭൂമിയുടെ ഇന്റഗ്രേറ്റഡ് മീഡിയ സൊല്യൂഷൻസ് നാഷണൽ ഹെഡ് കമൽ കൃഷ്ണൻ, ഏഷ്യാനെറ്റ് കമ്യൂണിക്കേഷൻസ് നാഷണൽ സെയിൽസ് ഹെഡ് രഘു രാമചന്ദ്രൻ എന്നിവർ, പരസ്യവിപണിയുടെ വിവിധ തലങ്ങൾ അവലോകനം ചെയ്തു.

പരസ്യവിപണിയുടെ പ്രതാപകാലം തിരികെ പിടിക്കുവാൻ സാധിക്കുമോ? എന്ന സംവാദവിഷയം, പരസ്യരംഗത്തു പ്രവർത്തിക്കുന്ന ഏവരെയും ആകർഷിക്കുന്നതായിരുന്നു. ക്രമാനുഗതമായ വളർച്ച രേഖപ്പെടുത്തിപോന്ന കേരളത്തിന്റെ പരസ്യമേഖല, കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കൂപ്പുകുത്തുന്ന കാഴ്ചയിൽ അമ്പരന്ന ഏജൻസി പ്രവർത്തകർക്ക്, പുത്തൻ ഊർജം

ആഡ് സഭ 2019 സംവാദത്തിൽ കമൽ കൃഷ്ണൻ (മാതൃഭൂമി), വർഗീസ് ചാണ്ടി (മനോരമ), രഘു രാമചന്ദ്രൻ (ഏഷ്യാനെറ്റ്), ദേവൻ നായർ (കെ ത്രി എ) എന്നിവർ.

പകരുന്നതായി 'ആഡ്സഭ 2019'.

പരസ്യമേഖലയെ ഉലയ്ക്കുന്ന പ്രതികൂല സാഹചര്യങ്ങൾ എങ്ങനെ മറികടക്കാം എന്ന ചിന്ത, വിവിധ അഭിപ്രായങ്ങൾക്ക് വേദിയൊരുക്കി, സ്വാഭാവികമായി വന്നുചേർന്നതല്ല ഈ അവസ്ഥ എന്ന അഭിപ്രായം കമൽകൃഷ്ണൻ പങ്കുവച്ചു. ഇത് ക്രിയേറ്റഡാണ് - അദ്ദേഹം പറഞ്ഞു.

നോട്ടുനിരോധനവും ജിഎസ്ടി നടപ്പാക്കിയതും പ്രളയദുരിതവും പരസ്യവിപണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വർഗീസ് ചാണ്ടി അഭിപ്രായപ്പെട്ടു. നോട്ട് നിരോധനത്തിനു ശേഷം നടന്ന സംവാദങ്ങളിൽ, ഈ പ്രശ്നം ക്ഷണികമാണെന്നും ലോംഗ് ടേമിൽ പരിഹരിക്കപ്പെടുമെന്നും കേന്ദ്രമന്ത്രി ജെയ്റ്റ്ലി ആവർത്തിച്ചതിന് മൻമോഹൻസിംഗിന്റെ മറുപടി കുറിക്കുകൊള്ളുന്നതായിരുന്നെന്ന് അദ്ദേഹം പറഞ്ഞു. 'ഷോർട്ട് ടേം ആണ് പ്രശ്നം. ലോംഗ് ടേമിൽ എല്ലാവരും മരിക്കും!' - എന്ന മൻമോഹന്റെ മറുപടി, പ്രശ്നത്തിന്റെ കാതൽ വെളിപ്പെടുത്തുന്നതായിരുന്നു. ലോംഗ് ടേമിൽ വളർച്ചയുടെ ഗ്രാഫ് സുദൃഢമാക്കുന്നതിനുവേണ്ടി ഇപ്പോൾ നമുക്കെന്തു ചെയ്യാൻ പറ്റും എന്നാണ് ചിന്തിക്കേണ്ടതെന്ന് വർഗീസ് ചാണ്ടി പറഞ്ഞു.

മറ്റൊരു യാഥാർത്ഥ്യത്തിലേക്ക് ശ്രദ്ധ തിരിക്കുന്നതായിരുന്നു രഘു രാമചന്ദ്രന്റെ ഇടപെടൽ. പ്രശ്നം കേരളത്തിന്റേതു മാത്രമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. മലയാളം ഒഴികെ മറ്റ് ഭാഷകളിൽ പരസ്യവിപണിക്ക് വളർച്ച സംഭവിക്കുന്നുണ്ട്. കേരളത്തിനേറ്റ തിരിച്ചടിക്ക് കാരണങ്ങളും അദ്ദേഹം നിരത്തി.

ഗൾഫ് പണത്തിന്റെ വരവ് കുറഞ്ഞത്, റിയൽ എസ്റ്റേറ്റ് അടക്കമുള്ള മൊത്തം വിപണിയെ തളർത്തിയിട്ടുണ്ട്. ജനസംഖ്യാ വർധനവ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുറവാണ്. സീനിയർ സിറ്റിസൺസിന്റെ എണ്ണം പെരുകുന്നു. പരസ്യം നൽകി പഠിപ്പിച്ച് ഉത്പന്നം വിറ്റഴിക്കേണ്ട സാഹചര്യം കേരളത്തിൽ കുറവാണ്. കേരളവിപണിയെ ഇതത്രയും പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് രഘു രാമചന്ദ്രൻ പറഞ്ഞു.

പരസ്യവിപണിയുടെ പ്രതാപകാലം തിരികെ പിടിക്കുവാൻ സാധിക്കുമോ? എന്ന സംവാദവിഷയം, പരസ്യരംഗത്തു പ്രവർത്തിക്കുന്ന ഏവരെയും ആകർഷിക്കുന്നതായിരുന്നു. ക്രമാനുഗതമായ വളർച്ച രേഖപ്പെടുത്തിപോന്ന കേരളത്തിന്റെ പരസ്യമേഖല, കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കൂപ്പുകുത്തുന്ന കാഴ്ചയിൽ അമ്പരന്ന ഏജൻസി പ്രവർത്തകർക്ക്, പുത്തൻ ഊർജം പകരുന്നതായി 'ആഡ്സഭ 2019'.

കൂടുതൽ ഉത്പന്നങ്ങൾ വിറ്റഴിയുന്നിടത്തല്ല വലിയ പരസ്യകാമ്പയിനുകൾ വേണ്ടിവരിക. മ

ആഡ് സഭ സദസ്

റിച്ച്, ഉത്പന്നം പരിചിതമല്ലാത്ത സ്ഥലങ്ങളിൽ പരസ്യം ചെയ്യുന്നതിലൂടെ, പുതിയ വിപണി പിടിച്ചെടുക്കുന്നതിനാണ് ഉത്പാദകർ ശ്രമിക്കുകയെന്ന് രഘു രാമചന്ദ്രൻ വിലയിരുത്തി.

പരസ്യമേഖല വിപുലീകരിക്കപ്പെടുകയാണ്. അച്ചടി, ദൃശ്യ, ശ്രാവ്യ, ഡിജിറ്റൽ മാധ്യമങ്ങളുടെ വൈവിധ്യം ഒരു പ്രത്യേക മേഖലയിൽ മാത്രം പരസ്യം ചെയ്യുന്നതിന് പരസ്യദാതാവിനെ സഹായിക്കുന്നുണ്ട്. വിരലിലെണ്ണാവുന്ന മാധ്യമങ്ങളിൽ ഒതുങ്ങിനിന്നിരുന്ന പരസ്യരംഗം, എണ്ണമറ്റ പുതുരൂപങ്ങൾ തുറന്നിട്ടുകഴിഞ്ഞു. ഒറ്റ വ്യക്തിക്കു വേണ്ടി മാത്രമായും സോഷ്യൽ മീഡിയ വഴി പരസ്യം ചെയ്യുവാൻ ഇന്നു സാധിക്കുന്നു.

ദേശീയതലത്തിൽ പരസ്യവിപണി വളർച്ച രേഖപ്പെടുത്തുന്നുണ്ടെന്ന് കമൽ കൃഷ്ണനും അഭിപ്രായപ്പെട്ടു. 2019-20 സാമ്പത്തികവർഷത്തിൽ, വൻ വർധന പരസ്യഗ്രാഫിൽ പ്രതീക്ഷിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ അവസ്ഥക്കു മാറ്റം വരുത്തുന്നതിന് കഠിന പ്രയത്നം അനിവാര്യമാണെന്നും അദ്ദേഹം സൂചന നല്കി.

പരസ്യങ്ങളുടെ ചിത്രീകരണ രീതി പരിഷ്കരിക്കേണ്ടതുണ്ടെന്ന അഭിപ്രായം കമൽ കൃഷ്ണൻ രേഖപ്പെടുത്തി. വായനക്കാരിലും ശ്രോതാവിലും കാണികളിലും താൽപ്പര്യമുണർത്തുന്ന വിധം, വ്യത്യസ്തതയോടെ പരസ്യം അവതരിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പരസ്യം സ്വീകരിക്കുന്ന നിബന്ധനകളിൽ നീക്കുപോക്കുകൾ ആവശ്യപ്പെടുന്ന കാലമാണ് ഇപ്പോഴത്തേതെന്ന് വർഗീസ് ചാണ്ടി അഭിപ്രായപ്പെട്ടു. 15% കമ്മീഷൻ രീതിക്ക് ഇനി സ്ഥാന

പി.എം.മുകുന്ദൻ
കോ-ഓർഡിനേറ്റർ

ജോസ് വള്ളൂർ
കോ-ഓർഡിനേറ്റർ

മില്ല. ഒന്നരശതമാനം മാത്രം കമ്മീഷൻ സ്വീകരിച്ചുകൊണ്ട് വൻകിട പരസ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം വിശദീകരിച്ചു.

പരസ്യത്തിനൊപ്പമോ പരസ്യത്തിനു പകരമായോ ക്ലയന്റിന് എന്തു നൽകുവാൻ സാധിക്കുമെന്ന് പരസ്യ ഏജൻസികൾ ചിന്തിക്കേണ്ടതുണ്ടെന്ന് രഘു രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. പുതിയ വിപണി അങ്ങനെയൊക്കെയാണ് ആവശ്യപ്പെടുന്നത്. മാറ്റങ്ങൾ അനിവാര്യമാണല്ലോ. അതോടൊപ്പം സ്വയം നവീകരിക്കുവാൻ പരസ്യ ഏജൻസികൾ ശ്രദ്ധിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കെത്രിഎ തൃശൂർ ഘടകം പ്രസിഡന്റ് ദേവൻ നായർ, സെക്രട്ടറി പി.എം.മുകുന്ദൻ, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ജോസ് വള്ളൂർ എന്നിവരായിരുന്നു ആഡ്സഭ 2019ന്റെ കോർഡിനേറ്റർമാർ.ന

പഠന മികവുമായി
തേജസ് എൻജിനീയറിംഗ് കോളജ്

കെ. കുഞ്ഞികൃഷ്ണൻ
ഡയറക്ടർ
തേജസ് ഗ്രൂപ്പ് ഓഫ്
ഇൻസ്റ്റിറ്റ്യൂഷൻസ്

സാധാരണക്കാർക്ക് താങ്ങാനാവുന്ന നിരക്കിൽ മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോട് കൂടി 2009 ൽ ചെറുവത്തൂർ ഫൗണ്ടേഷന്റെ കീഴിൽ സ്ഥാപിതമായ തേജസ് എഞ്ചിനീയറിംഗ് കോളേജ് സാമൂഹ്യ പ്രതിബദ്ധതയുള്ള എഞ്ചിനീയർമാരെ വാർത്തെടുക്കുക എന്ന ഉദ്യമമാണ് നിറവേറ്റിക്കൊണ്ടിരിക്കുന്നത്.

ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകുകയെന്നത് മാത്രമല്ല ഉന്നത പഠനത്തിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും മികച്ച പ്ലേസ്മെൻറ് സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് നൽകിയാണ് ഈ കോളേജ് മുന്നോട്ട് പോകുന്നത്. നിരവധി സ്കോളർഷിപ്പുകളും ഇൻഡസ്ട്രിയെ അടുത്തറിയാനാവശ്യമായ പ്രത്യേക പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. മികച്ച ഇൻഫ്രാസ്ട്രക്ച്ചർ, അന്തരാഷ്ട്ര നിലവാരത്തിലുള്ള കമ്പ്യൂട്ടിംഗ് സൗകര്യങ്ങൾ, മികച്ച ലാബുകൾ എന്നിവ തേജസ്സ് എഞ്ചിനീയറിംഗ് കോളേജിനെ മറ്റു കോളേജുകളിൽ നിന്നും വേറിട്ട് കാണിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ഹൈടെക്ക് സൗകര്യങ്ങളും അദ്ധ്യാപനമികവും കൊണ്ട് കേരളത്തിലെ മികച്ച എഞ്ചിനീയറിംഗ് കോളേജുകളിൽ ഒന്നായി ചുരുങ്ങിയകാലം കൊണ്ട് തേജസ്സ് എഞ്ചിനീയറിംഗ് കോളേജ് മാറിക്കഴിഞ്ഞു.

പ്ലസ്ടുവിൽ ഉയർന്ന വിജയ ശതമാനം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും കേരള എൻട്രൻസിൽ ഉയർന്ന റാങ്ക് നേടുന്ന വിദ്യാർത്ഥികൾക്കും ചെറുവത്തൂർ ഫൗണ്ടേഷൻ എല്ലാവർഷവും സ്കോളർഷിപ്പുകൾ നൽകി വരുന്നു. സമർത്ഥരായ വിദ്യാർത്ഥികൾക്കായി എല്ലാവർഷവും 2 കോടി രൂപയോളം സ്കോളർഷിപ്പായി നൽകുന്നുണ്ട്.

എ.പി.ജെ.അബ്ദുൾ കലാം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ, എ.ഐ.സി.ടി.ഇയുടെയും കേരള സർക്കാരിന്റെയും അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഈ കോളേജിൽ സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ്എഞ്ചിനീയറിംഗ്, ഇലക്സ്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എ

എ.പി.ജെ.അബ്ദുൾ കലാം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ, എ.ഐ.സി.ടി.ഇയുടെയും കേരള സർക്കാരിന്റെയും അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഈ കോളേജിൽ സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ്എഞ്ചിനീയറിംഗ്, ഇലക്സ്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിലായി അഞ്ച് ഡിഗ്രി കോഴ്സുകളും ജിയോ ടെക്നിക്കൽ,സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്, അപ്ലൈഡ് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, പവർ സിസ്റ്റംസ്, മാനുഫാക്ച്ചറിംഗ് സിസ്റ്റംസ് ആൻഡ് മാനേജ്മെന്റ് എന്നീ പോസ്റ്റ് ഗ്രാജ്വറ്റ് കോഴ്സുകളുമാണ് നിലവിലുള്ളത്.

ന്നീ വിഭാഗങ്ങളിലായി അഞ്ച് ഡിഗ്രി കോഴ്സുകളും ജിയോ ടെക്നിക്കൽ,സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്, അപ്ലൈഡ് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, പവർ സിസ്റ്റംസ്, മാനുഫാക്ച്ചറിംഗ് സിസ്റ്റംസ് ആൻഡ് മാനേജ്മെന്റ് എന്നീ പോസ്റ്റ് ഗ്രാജ്വറ്റ് കോഴ്സുകളുമാണ് നിലവിലുള്ളത്.

ആറ് പിജി കോഴ്സുകളുമായി ഗവേഷണത്തിന് പ്രാമുഖ്യം നൽകികൊണ്ടാണ് തേജസ് എഞ്ചിനീയറിംഗ് കോളേജ് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് എ.പി.ജെ.അബ്ദുൾ കലാം കേരള ടെക്നോളജി യൂണിവേഴ്സിറ്റി സർവ്വകലാശാലയുടെ കീഴിൽ മുന്നേറ്റം തുടരുന്നത്.

13000 അധികം പുസ്തകങ്ങളും അന്താരാഷ്ട്ര നിലവാരമുള്ള ഡിജിറ്റൽ ലൈബ്രറിയും പുസ്തകത്തിന് അപ്പുറമുള്ള പഠനമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ നിരവധി ഫെസ്റ്റുകളും സെമിനാറുകളും കോളേജിൽ നടത്തി വരുന്നുണ്ട്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ഹോസ്റ്റലുകൾ ക്യാമ്പസിനുള്ളിൽ തന്നെ, ലിഫ്റ്റ് സൗകര്യത്തോട് കൂടിയ മുറികൾ, എല്ലാം തന്നെ 'ബാത്ത് റൂം അറ്റാച്ച്ട്' എന്നുള്ള പ്രത്യേകതയും തേജസ്സിന്റേത് മാത്രമാണ്

വിദ്യാർത്ഥികളുടെ സുഗമമായ യാത്രാസൗകര്യം ലക്ഷ്യം വെച്ച് വിവിധ സ്ഥലങ്ങളിൽ നിന്നായി 23 കോളേജ് ബസ്സുകൾ സർവീസ് നടത്തുണ്ട്. കുന്ദംകുളം - വടക്കാഞ്ചേരി സംസ്ഥാന റോഡിനോട് ചേർന്ന് കിടക്കുന്ന കോളേജ് ക്യാമ്പസ്സിൽ അനായാസം എത്തിച്ചേരുവാൻ സ്വകാര്യ ബസ്സുകളുടേയും സർക്കാർ ബസ്സുകളുടേയും ലഭ്യത മറ്റു കോളേജിൽ നിന്ന് വേറിട്ട ഒരു അനുഭവമായിരിക്കും.

ചെറുവത്തൂർ ഫൗണ്ടേഷന്റെ കീഴിൽ കേരളത്തിലെ ആർക്കിടെക്ച്ചർ പഠനത്തിന് 2014 ൽ തുടങ്ങിയ 'തേജസ്സ് കോളേജ് ഓഫ് ആർക്കിടെക്ച്ചർ' ആദ്യത്തെ ബാച്ച് ഉന്നത പഠനം പൂർത്തിയാക്കി ഈ വർഷം പുറത്തിറങ്ങുകയാണ്. ന്യൂ ഡൽഹി കൗൺസിൽ ഓഫ് ആർക്കിടെക്ച്ചറിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെയും കേരള സർക്കാരിന്റെയും പൂർണ്ണ അംഗീകാരത്തോടെയാണ് പ്രവർത്തിക്കുന്നത്. ചെറുവത്തൂർ ഫൗണ്ടേഷന്റെ കീഴിലുള്ള തേജസ് എഞ്ചിനീയറിംഗ് കോളേജും തേജസ്സ് കോളേജ് ഓഫ് ആർക്കിടെക്ച്ചറും രണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങളും 13 ഏക്കറയോളം വിസ്താരമായ ഒരേ ക്യാമ്പസിനകത്താണ് സ്ഥിതി ചെയ്യുന്നത്. •